27311/E1/11/ID

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6604 — 01.11.2011- ൽ മറുപടിക്ക്

## കയർ വ്യവസായം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) നിലവിലെ സാഹചര്യത്തിൽ കയർ തൊഴിലാളികൾക്ക് പരമാവധി എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഓരോ സഹകരണ സംഘങ്ങളും തൊഴിൽ നല്കുന്ന ദിനങ്ങളിൽ വ്യത്യാസമുണ്ട്. എന്നാൽ ശരാശരി 200 ദിവസം തൊഴിൽ ലഭ്യമാകുന്നതായി കണക്കാക്കപ്പെടുന്നു. |
| (ബി) കയർ സംസ്കരണ യന്ത്രങ്ങൾ വാങ്ങാൻ എന്തെല്ലാം ധനസഹായമാണ് വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) കയർ സഹകരണ സംഘങ്ങൾക്ക് റാട്ടുകൾ വാങ്ങുന്നതിന് അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 100% തുക അനുവദിച്ചു വരുന്നുണ്ട്. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ 75% സബ്സിഡിയിൽ നൽകി വരുന്നു. |
| (സി)കയർ വ്യവസായം ശക്തിപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) വിശദാംശം ചുവടെ ചേർക്കുന്നു.<br>• കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം നല്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു<br>• ഇപ്പോൾ കയർ പിരി മേഖലയിൽ നൽകി വരുന്ന 150 രൂപ കൂലി വരുമാന ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 200 രൂപയായി വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലാണ്<br>• കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് |

| | |
|---|---|
| | മേഖലയിലുള്ളവർക്ക് സബ്സിഡി നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരണത്തിന്റെ ചുമതല മിനി ഡീഫൈബറിംഗ് മെഷീൻ നൽകിയ കയർ സഹകരണ സംഘങ്ങളെ ഏല്പിക്കുന്നതും, തൊണ്ട് സംഭരണത്തിനാവശ്യമായ പ്രവർത്തന മൂലധനം നല്കുന്നതുമുൾപ്പെടെയുള്ള ഭേദഗതി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്<br>• തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കിക്കൊണ്ട് ആധുനിക തരത്തിലുള്ള വിവിധ ഇനം കയർ പിരിക്കാവുന്ന ഉല്പാദന ക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചു വരുന്നു.<br>• കയർഫെഡ് മുഖാന്തിരം സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുകയും അവർ ഉല്പാദിപ്പിക്കുന്ന കയർ ന്യായ വില നൽകി സംഭരിക്കുകയും ചെയ്ത് വരുന്നു.<br>• വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴയിലെ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.<br>• കയറുല്പന്നങ്ങളുടെ വിപണനത്തിന് പൊതുസംവിധാനം എന്ന ലക്ഷ്യത്തോടെ കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന് രൂപം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.<br>• ഉല്പന്ന മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് തൊഴിലാളികൾക്ക് കുറഞ്ഞത് 285 രൂപ കൂലി ഈ മേഖലയിലെ |

| | |
|---|---|
| | ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉറപ്പാക്കി.<br>• വിനോദ സഞ്ചാരികൾക്കായി കയറിന്റേയും കയറുല്പന്നങ്ങളുടേയും നിർമ്മാണ പ്രക്രിയകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും അതോടൊപ്പം കയറുല്പന്നങ്ങളുടെ വിപണനവും ലക്ഷ്യമിട്ടുകൊണ്ട് ഒരു മാതൃക കയർ ഗ്രാമം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ